2019
നവംബർ
വാല്യം 12 | ലക്കം 11
Annual Subscription ₹ 60.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



# യുഗാന്ത്യരാജൻ

## തിരുനാൾ നവംബർ 24



വി ഫെസ്റ്റ് 2019 വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു



അൾത്താരബാല സംഗമം വിമലഗിരിയിൽ-കോട്ടയം മേഖല



അൾത്താരബാല സംഗമം പീരുമേട് മേഖല

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

NOVEMBER 2019 Registered Newspaper, Reg.No. KERMAL/2008/24745 Vol.12 • No.11

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Varghese Kottakkattu**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ:
നവംബർ നിത്യതയുടെയും
കൂട്ടായ്മയുടെയും മാസം

6 കമ്മ്യൂണിയോ ഇന്ത്യ ഞായർ (സർക്കുലർ)

9 വീ–ഫെസ്റ്റ്

10 ഡിസംബർ 8 -ലത്തീൻ കത്തോലിക്ക സമുദായദിനം
അധികാരപങ്കാളിത്തം നീതിസമൂഹത്തിന് ( സർക്കുലർ)

12 ആർച്ച്ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ
മെമ്മോറിയൽ ഗായകസംഘമത്സരവും, പ്രസംഗമത്സരവും

14 മരണം

15 പരേത സ്മരണയിൽ

17 FLOOD RELIEF COLLECTION AMOUNT

19 അവൻ വരുന്നു രക്ഷകനും വിധികർത്താവുമായി

21 ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക്
മദർതെരേസ സ്കോളർഷിപ്പ്

23 ഇടവകവാർത്തകൾ

24 സംഘടനാവാർത്തകൾ

30 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ ഡിസംബർ മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com



# Editorial

# നവംബർ നിത്യതയുടെയും കൂട്ടായ്മയുടെയും മാസം

ലോകത്തിന്റെ കണക്കുകൂട്ടലിൽ ഡിസംബർ ആണ് വർഷത്തിലെ അവസാന മാസം. എന്നാൽ സഭയുടെ ആരാധനക്രമത്തിൽ നവംബർ ആണ് അവസാന മാസം. ഡിസംബറിൽ ആഗമനകാലം ആചരിച്ചുകൊണ്ട് നാം പുതുവർഷത്തിലേക്ക് കടന്നുവരും. അതിൽ അവസാന മാസമായ നവംബർ ജീവിതാന്ത്യത്തെയും നിത്യതയെയും ആഘോഷിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. സമയത്തിന്റെ അന്ത്യം നിത്യതയിലേക്കുള്ള പ്രവേശനമാണ്.

നിത്യത പൂകിയ സകലവിശുദ്ധരുടെയും തിരുനാളാണ് നവംബർ ഒന്നിന്. സമയത്തിലെ ജീവിതം മരണത്തിലൂടെ വെടിഞ്ഞ് നിത്യതയിലേക്ക് പ്രയാണം ചെയ്യുന്നവരുടെ ഓർമ്മദിനമാണ് നവംബർ രണ്ട്. അവരുടെ ഓർമ്മ മാസമാണ് നവംബർ മുഴുവൻ. അവരെ പ്രത്യേകം ഓർത്തു പ്രാർഥിക്കാനും അവരുടെ കുഴിമാടങ്ങൾ സന്ദർശിച്ച് മരണത്തെയും ജയിക്കുന്ന സ്നേഹം പ്രകടമാക്കാനും വിശ്വാസികൾ ശ്രദ്ധിക്കുന്നു. നവംബർ അവസാനം നിത്യതയുടെ നാഥനായ ക്രിസ്തുരാജന്റെ തിരുനാളാണ് സഭ ആഘോഷിക്കുക. ഇവയെല്ലാം സമയത്തിൽ ജീവിക്കുന്ന നമ്മെ നിത്യതയിൽ ശ്രദ്ധവച്ചും, നിത്യതയുടെ വെളിച്ചത്തിലും നിത്യതയെ ലക്ഷ്യം വച്ചും ജീവിക്കാൻ പ്രചോദിപ്പിക്കുന്നു. ഈ ലോക ജീവിതത്തിന്റെ സമയത്തിലെ ജീവിതത്തിന്റെ അന്ത്യം വരുമ്പോൾ ഈ ലോകത്തിലോ, ഇന്നലെയിലോ ഇന്നിലോ കുടുങ്ങിക്കിടക്കാതെ നിത്യത പൂകാൻ വിളിക്കപ്പെട്ടവരും നിശ്ചയിക്കപ്പെട്ടവരുമാണ് നാം. സമയത്തിലാണ് ആദിയും അന്ത്യവും തന്നത്, നിത്യതയിൽ അവയില്ല. അതിനാൽ സമയത്തിൽ ജീവിക്കുന്ന നാം നിത്യതയിൽ ശ്രദ്ധവയ്ക്കുന്നില്ലെങ്കിൽ അന്ത്യം വരുമ്പോൾ നമ്മുടെ അസ്തിത്വം തന്നെ നഷ്ടപ്പെടും. നിത്യതയുടെ പശ്ചാത്തലത്തിൽ വേണം നാം ഈ ലോകത്തിൽ ജീവിക്കാൻ. ഒപ്പം ഈ ലോകത്തിലെ എല്ലാറ്റിനെയും എല്ലാവരെയും നിത്യതയുടെ വെളിച്ചത്തിൽ വേണം നാം നോക്കികാണാൻ. ഈ ലോകത്തിലെ എല്ലാം നശ്വരമാണെന്നും എല്ലാം കടന്നുപോകുമെന്നും അതു നമ്മെ ബോധ്യപ്പെടുത്തും. അപ്പോൾ ലോകത്തിലെ സമയത്തിലെ ഒന്നിലും ആരിലും നാം കുടുങ്ങിപ്പോകില്ല. അവിടെ മരണം പോലും നിത്യതയിലേക്കുള്ള വഴിയായി മാറും. അതാണ് നവംബർ നമ്മെ ഓർമ്മപ്പെടുത്തുന്നത്.

**നവംബർ കൂട്ടായ്മയുടെ മാസം**

സഭയിലെ കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും ആഘോഷമാണ് നവംബറിൽ നടക്കുക. സഭയുടെ ഘടകങ്ങളായ സമരസഭയും സഹനസഭയും വിജയസഭയും തമ്മിലുള്ള കൂട്ടായ്മയുടെയും പങ്കുവയ്ക്കലിന്റെയും ആഘോഷം. എല്ലാ ദിവസവും ദിവ്യബലിയിൽ നാം വിശുദ്ധരുടെ മദ്ധ്യസ്ഥം യാചിക്കുകയും നമ്മിൽ നിന്നും മരിച്ചുപോയവരെയോർത്ത് പ്രാർഥിക്കുകയും ചെയ്യുന്നുണ്ടെങ്കിലും നവംബർ മാസത്തിലാണ് അവയെ നാം തിരുനാളുകളായി കൊണ്ടാടുന്നത്. ഭൂമിയിൽ സാത്താന്റെ ഭരണത്തിനെതിരെ സമരത്തിൽ ജീവിക്കുന്ന വിശ്വാസികളാണ് സമരസഭ. മരണശേഷം സഹനത്തിലൂടെ വിശുദ്ധീകരണത്തിൽ കഴിയുന്നവരാണ് സഹനസഭ. സാത്താന്റെയും ലോകത്തിന്റെയും മരണത്തിന്റെയും മേൽ വിജയം നേടി സ്വർഗ്ഗത്തിൽ ദൈവത്തോടും മാലാഖമാരോടുമൊപ്പം ജീവിക്കുന്നവരാണ് വിജയസഭ. ഈ മൂന്നുകൂട്ടരും തമ്മിൽ പരിശുദ്ധ ത്രിത്വത്തിലും മാലാഖമാരുടെ സന്നിധിയിലും ഉള്ള കൂട്ടായ്മയാണ് ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർഥിക്കുന്നതിലും വിശുദ്ധരുടെ മദ്ധ്യസ്ഥം തേടുന്നതിലും കൂടെ നാം പ്രകടമാക്കുക.

---

**SILOAM 2019 ലീഡേഴ്സ് കൺവെൻഷനിൽ പങ്കെടുത്തവർ**



അതുൽ മാത്യൂസ്, ജിജിത പി ജെയ്മോൻ (പട്ടിത്താനം), എബി സക്കറിയ ജേക്കബ്, ട്രാൻസ്ഫി മരിയ ലെയോനി (മുണ്ടക്കയം), ഏയ്ഞ്ചൽ ഫ്രാൻസിസ്, അലൻ പി സ്റ്റാലിൻ (ചപ്പാത്ത്), അനിറ്റ ജോസഫ്, ഷാലു ഷാജി (കുമളി), സലോമി സന്തോഷ്, സ്റ്റീവോ അഗസ്റ്റിൻ (ചീന്തലാർ) എന്നിവർ സി. ജ്യോതിസ് ഡി.ഐ.എച്ച്., ശ്രീ.ചാക്കോ തേവരുപറമ്പിൽ എന്നിവരോടൊപ്പം. സ്റ്റീവോ അഗസ്റ്റിനും, ഏയ്ഞ്ചൽ ഫ്രാൻസിസും ബെസ്റ്റ് ക്യാമ്പർമാരായി തിരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

## പുതുതായി 12 AA രജിസ്ട്രേഷൻ ലഭിച്ച ദൈവാലയങ്ങൾക്ക് അനുമോദനങ്ങൾ

1. ഫാത്തിമാഗിരി ചർച്ച്, കുന്നന്താനം
2. സെന്റ് ജോസഫ് ചർച്ച്, തിരുവല്ല
3. ഔവർ ലേഡി ഓഫ് ഗാഡലൂപ്പേ ചർച്ച്, പാലാ

*ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ*

# കമ്മ്യൂണിയോ ഇന്ത്യ ഞായർ

**2019 ഡിസംബർ 1–ാം തീയതി, ഞായറാഴ്ച**

യേശുക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരങ്ങളേ,

കമ്മ്യൂണിയോ ഇന്ത്യ ഞായർ ഒരിക്കൽക്കൂടി നാം സാഘോഷം ആചരിക്കുകയാണ്. ഭാരതത്തിലെ ലത്തീൻ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയും നമ്മുടെ രാജ്യത്തിന്റെ വിവിധങ്ങളായ മേഖലകളിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ മിഷണറിമാർക്കുവേണ്ടിയും പ്രത്യേകം പ്രാർഥിക്കാനുള്ള ദിവസമാണ് കമ്മ്യൂണിയോ ഇന്ത്യ ഞായർ. സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലങ്കിലും (1 തിമോ. 4,2) സന്തോഷത്തൊടുകൂടി സുവിശേഷം പ്രസംഗിക്കുന്ന നമ്മുടെ മിഷണറിമാർക്കുവേണ്ടിയും ഭാരതത്തിലെ ലത്തീൻ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാൻ നമ്മുക്കോരോരുത്തർക്കും കടമയും ഉത്തരവാദിത്വവുമുണ്ട്.

സുവിശേഷം പ്രഘോഷിക്കുക എന്നത് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോക്രൈസ്തവന്റെയും കടമയാണ്. ക്രിസ്തുവിന്റെ സുവിശേഷം മാനവരാശിയുടെ എല്ലാതലങ്ങളിലേക്കും എത്തിക്കാനും അതുവഴി നമ്മുടെ സമൂഹത്തെ പരിവർത്തന വിധേയമാക്കാനും നവീകരിക്കാനും ന്നാംഏവരും വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് വിശുദ്ധ പോൾ ആറാമൻ മാർപാപ്പാ അഭിപ്രായപ്പെട്ടിട്ടുണ്ട്. (Evangelii Nuntiandi 18)

ഭാരതത്തിലെ സഭയിലെ നമ്മുടെ മഷിണറിമാർ സുവിശേഷത്തിന്റെ സന്തോഷം എല്ലാവരിലേക്കും എല്ലായിടത്തേക്കും എത്തിക്കാൻ പ്രതികുലസാഹചര്യങ്ങളിൽപ്പോലും അക്ഷീണം പ്രയത്നിക്കുന്നുണ്ട്. എന്നാൽ നമ്മുടെ പല മിഷൻ രൂപതകളും അവിടങ്ങളിൽ പ്രവർത്തിക്കുന്ന സമർപ്പിതരും അല്മായ പ്രേഷിതരും തങ്ങളുടെ പ്രേഷിതപ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാമൂഹികമായും സാമ്പത്തികമായും ഏറെ ക്ലേശിക്കുന്നുണ്ട്. മിഷൻ രൂപതകളിലെ വിശ്വാസികളുടെയും പ്രേഷിത പ്രവർത്തകരുടെയും ജീവിതാവസ്ഥയുമായി താരതമ്മ്യം ചെയ്യുമ്പോൾ ദൈവാനുഗ്രഹത്താൽ നമ്മിൽ പലരും സാമുഹികമായും സാമ്പത്തിക മായും ഏറെ മെച്ചപ്പെട്ട ജീവിതം നയിക്കുന്നവരാണ്.

അടിസ്ഥാന ആവശ്യങ്ങൾ പോലും നിർവഹിക്കാൻ സാധിക്കാതെ പരിമിതമായ ജീവിത സാഹചര്യങ്ങളിൽ ജീവിക്കുകയും പ്രവർത്തി ക്കുകയും ചെയ്യുന്ന നിരവധി മിഷണറിമാർ നമ്മുടെ സജീവമായ ക്രൈസ്തവ വിശ്വാസ ജീവിതത്തിന്റെ കരുത്താണ്. സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥയുടെ നടുവിലും തങ്ങളുടെ വിശ്വാസം മുറുകെപ്പിടിച്ചുകോണ്ട് ജീവിതം മുന്നോട്ട് കോണ്ട്പോകാൻ പണിപ്പെടുന്ന നമ്മുടെ അല്മായ സഹോദരരെയും പ്രേഷിതരെയും സഹയിക്കാനും പ്രാർഥനയിലൂടെ അവരുമായി ഐക്യദാർഢ്യം പ്രഖ്യാപിക്കാനും നമുക്ക് സാധിക്കണ്ടിയിരിക്കുന്നു.

ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി 2018 ലാണ് കമ്മ്യൂണിയോ ഇന്ത്യയ്ക്ക് തുടക്കം ക്കുറിച്ചത്. ഭാരതത്തിലെ ലത്തീൻ

കത്തോലിക്കാസഭയെ ഒരു കുടുംബമായിക്കണ്ട് നമ്മുക്കുള്ളത് എല്ലാവരുമായി പങ്കുവച്ച് എല്ലാവരും ഒന്നുപോലെ ഐക്യത്തോടെ വിശ്വാസത്തിന്റെയും അജപാലനത്തിന്റെയും പ്രേഷിത പ്രവർത്തനത്തിന്റെയും മേഖലകളിൽ ക്രമാനുഗതമായി വളർച്ചപ്രാപിക്കുന്ന മനോഹരമായ കൂട്ടായ്മയുടെ ആശയമാണ് കമ്മ്യൂണിയോ ഇന്ത്യ എന്ന ബൃഹത്തായ പദ്ധതിക്കുപിന്നിലുള്ളത്.

പരിമിതമായ സഹചര്യങ്ങളൽ ജീവച്ചുകൊണ്ട് വിശ്വാസം പ്രകടിപ്പിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന നിരവധിയായ നമ്മുടെ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കാനും അവരുടെ അജപാലന ആവശ്യങ്ങളിൽ സാമ്പത്തികമായി അവരെ സഹായിക്കാനുള്ള ഒരു സംസ്ഥാപനമാണ് കമ്മ്യൂണിയോ ഇന്ത്യ. പ്രേഷിത പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കാനും മിഷണറിമാരെ സഹായിക്കാനും പ്രേഷിത പ്രവർത്തനം നിർവഹിക്കാൻ നമ്മുടെ അല്മായ സമൂഹത്തെ പ്രചോദിപ്പിക്കാനും കമ്മ്യൂണിയോ ഇന്ത്യ ലക്ഷ്യം വയ്ക്കുന്നു. മിഷണറിമാർക്കുവേണ്ടി പ്രാർഥിക്കാനും പ്രാർഥനയിലൂടെ മിഷണറിയാകാനും നമ്മുടെ ചെറിയ സാമ്പത്തിക സഹായത്തിലൂടെ ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനത്തേ പണിതുയർത്തി പരിപോഷിപ്പിക്കുക എന്നതും കമ്മ്യൂണിയോ ഇന്ത്യ ലക്ഷ്യം വയ്ക്കുന്നു.

അസാധാരണ പ്രേഷിത മാസം ആചരിച്ചതിന്റെ പശ്ചാത്തലത്തിൽ ഈവർഷത്തെ കമ്മ്യൂണിയോ ഇന്ത്യ ഞായർ നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സമുചിതമായും അർഥവത്തായും ആചരിക്കുകയും ഭാരതത്തിലെ സഭയുടെ മിഷൻ പ്രവർത്തനത്തിനുവേണ്ടിയും നമ്മുടെ മിഷണറിമാർക്കുവേണ്ടിയും പ്രത്യേകം പ്രാർഥിക്കുകയുംവേണം. അന്ന് അർപ്പിക്കപ്പെടുന്ന ദിവ്യബലിമധ്യേ കമ്മ്യൂണിയോ ഇന്ത്യയുടെ പ്രാധാന്യത്തെക്കുറിച്ചും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോക്രൈസ്തവനുമുള്ള പ്രേഷിതപ്രവർത്തന ഉത്തരവാദിത്വത്തെക്കുറിച്ചും ജനങ്ങളെ ഉദ്ബോധിപ്പിക്കേണ്ടതാണ്. വിശ്വാസികളുടെ പ്രാർഥനാസമയത്ത് ഭാരതസഭയുടെ വൈവിധ്യങ്ങളായ പ്രേഷിത പ്രവർത്തനങ്ങളുടെ വിജയത്തിനായി നിയോഗംവച്ച് പ്രാർഥിക്കേണ്ടതാണ്.

നമ്മുടെ കഷ്ടപ്പാടുകളുടെയും വേദനകളുടെയും നടുവിൽ ദൈവം നമ്മുക്ക് നല്കുന്ന ചെറിയ വരുമാനത്തിൽനിന്ന് നമ്മുടേതായ ത്യാഗത്തിന്റെ ഒരുപങ്ക് ഭാരതത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് നല്കാനും നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ചെറുതും വലുതുമായ സംഭാവനകൾ ഭാരതത്തിലെ ലത്തീൻ കത്തോലിക്കാസഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് വലിയ സഹായമായിരിക്കും.

നമ്മുടെ സ്നേഹത്തെയും സാഹോദര്യത്തെയും ഭാരത സഭയുടെ പ്രേഷിത പ്രവർത്തനങ്ങളോടു വെളിപ്പെടുത്താനുള്ള ഒരു വേദിയാണ് കമ്മ്യൂണിയോ ഇന്ത്യ ഞായർ. 2018-ലാണ് ആരംഭിച്ചതെങ്കിലും കമ്മ്യൂണിയോ ഇന്ത്യയെക്കുറിച്ചുള്ള അവബോധം ഇന്ന് നമ്മിൽ പലർക്കും ഉണ്ടായിട്ടുണ്ട്. ഈക്കഴിഞ്ഞകാലയളവിൽ ഭാരതസഭയുടെ പ്രേഷിത പ്രവർത്തനത്തിനായി പ്രാർഥനയിലൂടെയും ചെറുതും വലുതുമായ സംഭാവനകളിലൂടെയും സഹായിച്ച ഏവരേയും നന്ദിയോടെ ഓർക്കുന്നു.

ഭാരതത്തലെ ലത്തീൻ സഭയ്ക്കുവേണ്ടി തുടർന്നും നിരന്തരം പ്രാർഥിക്കണമെന്ന് അഭ്യർഥിക്കുന്നു. നല്ലയിടനായ യേശുനാഥൻ നമ്മെ ഓരോരുത്തരെയും പ്രത്യേകിച്ച് സുവിശേഷ പ്രഘോഷണ മേഖലയിൽ നേർവഴിയിലൂടെ നയിക്കട്ടേയെന്ന് ആശംസിക്കുന്നു.

2019 ജൂൺ 9-ാം തീയതി പെന്തകോസ്ത തിരുന്നാൾ ദിനത്തിൽ ഭാരത ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാന കാര്യാലയത്തിൽനിന്നും പുറപ്പെടുവിച്ചത്.

**ആർച്ചുബിഷപ് ഫിലിപ്പ് നേരി ഫെറാവോ**
*പ്രസിഡന്റ്, ഭാരത ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി*
*ഗോവ മെത്രാപ്പോലീത്ത*

---

## അസാധാരണ പ്രേഷിതമാസം മുണ്ടക്കയം സെന്റ് ജോസഫസ് സ്കൂൾ



പരിശുദ്ധ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച അസാധാരണ പ്രേഷിത മാസത്തിന്റെ ഉദ്ഘാടനം മുണ്ടക്കയം സെന്റ് ജോസഫസ് സ്കൂൾ (മഠം സ്കൂൾ)വ്യതസ്തമായ രീതിയിലൂടെ നടത്തി കുട്ടികളിൽ പ്രേഷിത പ്രവർത്തനത്തിലൂടെ വിശുദ്ധിയിലേക്ക് എത്തിക്കാനുള്ള ചുവടുവെച്ചു. തുടക്കത്തിൽ വിവിധ ദൈവവിളികളെ കുറിച്ചുള്ള ക്ലാസുകളും തുടർന്ന് പല വിശുദ്ധരുടെ വേഷധാരികളും അധ്യാപകരും നാനാജാതിമത വിഭാഗത്തിൽപ്പെട്ട കുട്ടികളും അസാധാരണ പ്രേഷിത മാസത്തിന്റെ വിളംബരറാലി നടത്തി. ജപമാല പ്രാർത്ഥനയോടെ നടന്ന റാലിയ്ക്കു ശേഷം മിഷണറിമാരായ വിവിധ വിശുദ്ധരെ കുട്ടികൾക്ക് പരിചയപ്പെടുത്തുകയും തുടർന്ന് ആലോഷമായ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും പ്രേഷിത പ്രവർത്തനത്തിനുള്ള സമ്പാത്തികമായ സഹായത്തിനായി കളികളും ഭക്ഷണങ്ങളും അടങ്ങിയ "മിഷൻ ലാന്റ്" സംഘടിപ്പിക്കുകയും ചെയ്തു. പ്രേഷിത പ്രവർത്തനങ്ങളുടെ ഉദ്ഘാടനത്തിന് മുണ്ടക്കയം വികാരി. മോൺ. ഹെൻറി കൊച്ചുപറമ്പിലച്ചനും ലോക്കൽ മനേജർ സി. സഫിയ CSST യും പ്രഥമ അധ്യാപിക ശ്രീമതി. മോളി ജോർജും അധ്യാപകരായ സി. മേഴ്സി DIH, സി. ഇവറ്റ് CSST, മറ്റു അധ്യാപകരും നേതൃത്വം നൽകി.

# വീ-ഫെസ്റ്റ്





**വി**ജയപുരം രൂപത 5-ാമത് സ്കൂൾ കലോത്സവം ഒക്ടോബർ 18,19 തീയതികളിൽ മൗണ്ട് കാർമ്മൽ ഹൈസ്കൂളിൽ നടത്തപ്പെട്ടു. ആയിരത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്ത മേള 18-ന് രാവിലെ 10 മണിക്ക് ഹോളി ഫാമിലി ഹയർ സെക്കന്ററി സ്കൂളിൽ നിന്നും മൗണ്ട് കാർമ്മൽ ഹൈസ്കൂളിലേക്ക് വർണശബളമായ റാലിയോടുകൂടി ആരംഭിച്ചു. തുടർന്നുള്ള ഉദ്ഘാടനസമ്മേളനത്തിൽ വിജയപുരം രൂപത വികാരി ജനറൽ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു. പ്രശസ്ത സിനിമാതാരം കോട്ടയം പുരുഷൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. രചന, കലാ മത്സരങ്ങളിലായി രൂപതയുടെ 36 സ്കൂളുകളിൽ നിന്ന് പ്രതിഭകൾ മാറ്റുരച്ചു. പോയിന്റ് നിലയുടെ അടിസ്ഥാനത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് എൽ.പി വിഭാഗത്തിൽ സെന്റ് ജോസഫ്സ് മുണ്ടക്കയം, സെന്റ് പോൾസ് വെട്ടിമുകൾ, യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ മൗണ്ട് കാർമ്മൽ കോട്ടയം, സെന്റ് ജോസഫ്സ് മുണ്ടക്കയം, ഹയർ സെക്കന്ററി വിഭാഗത്തിൽ മൗണ്ട് കാർമ്മൽ കോട്ടയം, ഹോളി ഫാമിലി കോട്ടയം എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. സമ്മാനങ്ങൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങളും സംഘാടക സമിതിയ്ക്ക് നന്ദിയും അർപ്പിക്കുന്നു.

# ഡിസംബർ 8
# ലത്തീൻ കത്തോലിക്ക സമുദായദിനം
## അധികാരപങ്കാളിത്തം നീതിസമൂഹത്തിന്

**പ്രിയ ബഹു. വികാരിയച്ചാ,**

കേരളത്തിലെ ലത്തീൻ കത്തോലിക്കരുടെ ഉന്നതനയരൂപീകരണ സമിതി കേരള റീജ്യൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ (കെ.ആർ. എൽ.സി.സി.) ആഹ്വാനപ്രാകരം വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ തിരുനാളിന് ശേഷം വരുന്ന ഞായറാഴ്ച ലത്തീൻ കത്തോലിക്കാ സമുദായദിനമായി ആചരിച്ചു പോരുകയാണല്ലോ. ഈ വർഷം ഡിസംബർ 8-നാണ് ലത്തീൻ കത്തോലിക്കാസമുദായദിനം ആചരിക്കുന്നത്. ഒരു സമുദായമെന്ന നിലയിൽ ഒന്നിക്കുകയും നമ്മുടെ സാമൂഹ്യ അവശതകൾ പരിഹരിക്കുന്നതിനുള്ള വഴികൾ തേടുകയും ചെയ്യാൻ സമുദായ ദിനാചരണം ഉപകരിക്കണം.

**അധികാരപങ്കാളിത്തം നീതിസമൂഹത്തിന്**

നീതി ജലംപോലെ ഒഴുകുന്ന ഒരു സമൂഹത്തെക്കുറിച്ചാണ് സഭ പഠിപ്പിക്കുന്നത്. ഓരോരുത്തർക്കും അർഹതപ്പെട്ടത് നല്കുക എന്നതാണ് നീതിയെക്കുറിച്ചുള്ള പ്രാഥമിക തത്വം. എന്നാൽ ഇന്ത്യയുടെ പ്രത്യേകിച്ച് കേരളത്തിന്റെ സവിശേഷമായ ചരിത്ര അവസ്ഥാ വിശേഷങ്ങൾകൊണ്ട് നീതിയിലധിഷ്ഠിതമായ ഒരു സമൂഹം രൂപപ്പെടുത്താൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. സാമൂഹിക നീതി രാഷ്ട്രീയവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ഘടകങ്ങളുമായി ചേർത്തു നിർത്തേണ്ടതാണ്. നീതിസമൂഹത്തിലേക്കുള്ള വളർച്ച അധികാരപങ്കാളിത്തത്തിലൂടെ മാത്രമേ സാധ്യമാവൂ എന്നാണ് നമ്മൾ ഉയർത്തുന്ന ആശയം. ഏത് അധികാരത്തിലാണ് പങ്കാളിത്തമുണ്ടാവേണ്ടത് എന്ന ചോദ്യം ഈ സാഹചര്യത്തിൽ പ്രസക്തമാണ്. ജനാധിപത്യഭരണസമ്പ്രദായത്തെ താങ്ങി നിർത്തുന്ന ജുഡീഷ്യറി, എക്സിക്യൂട്ടീവ്, ലെജിസ്ലേറ്റീവ് എന്നീ ഭരണ സംവിധാനങ്ങളിലാണ് പങ്കാളിത്തം ലഭിക്കേണ്ടത്. ഈ പങ്കാളിത്തം ലത്തീൻ കത്തോലിക്കർക്ക് മാത്രമല്ല എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിക്കണമെന്നാണ് നമ്മുടെ നിലപാടും ആവശ്യവും. അധികാരപങ്കാളിത്തത്തിന്റെ കാര്യത്തിൽ ലത്തീൻ കത്തോലിക്കർ മറ്റു സമുദായങ്ങളെക്കാൾ ഏറെ പിന്നിലാണ് എന്ന വസ്തുത അതീവ ദുഃഖകരമാണ്. അതുകൊണ്ടാണ് 'അധികാര പങ്കാളിത്തം' നീതിസമൂഹത്തിന് എന്ന പ്രമേയം 2019-ലെ സമുദായദിനത്തിന്റെ മുഖ്യചിന്താവിഷയമായി നാം സ്വീകരിച്ചിട്ടുള്ളത്.

**ഇടവക സമുദായസമ്മേളനം**

"അധികാരപങ്കാളിത്തം നീതിസമൂഹത്തിന്" എന്ന പ്രമേയം ചർച്ച ചെയ്യുന്ന ഇടവകതല സമുദായ സമ്മേളനങ്ങൾ 2019 ഡിസംബർ 8-ന് മുമ്പ് നടക്കണമെന്ന് കെ.ആർ.എൽ.സി.സി. ആഗ്രഹിക്കുന്നു. ഇടവക അല്മായ ശുശ്രൂഷാസംവിധാനത്തിന്റെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ സംഘടനകളെയും സഹകരിപ്പിച്ചുകൊണ്ടാവണം ഈ സമ്മേളനങ്ങൾ സംഘടിപ്പിക്കേണ്ടത്. സമ്മേളനത്തിനുള്ള റിസോഴ്സ് പേഴ്സനെ ആവശ്യമെങ്കിൽ രൂപതാ അല്മായ കമ്മീഷൻ നല്കുന്നതാണ്.

**ഡിസംബർ 8 സമുദായദിനം**

ഡിസംബർ 8 ഞായറാഴ്ച ലത്തീൻ കത്തോലിക്കാ സമുദായദിനമായി ഇടവകകളിൽ ആചരിക്കണം. സമുദായത്തിന് വേണ്ടിയുള്ള പ്രാർഥനകൾ ആദിവസത്തെ ദിവ്യബലിയിൽ ഉൾപ്പെടുത്തുമല്ലോ. ദിവ്യബലിക്കുശേഷം ഇടവകജനങ്ങൾ ഒന്നായിച്ചേർന്ന് പതാക ഉയർത്തണം. തുടർന്ന് ഇടവകകളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും.

സംസ്ഥാനതലത്തിലുള്ള സമുദായദിനാഘോഷം കൊല്ലം രൂപതയുടെ ആതിഥേയത്തിൽ കൊല്ലം ഫാത്തിമ കോളേജിലാണ് നടക്കുന്നത്. പ്രതിനിധിസമ്മേളനം, അവാർഡ് സമർപ്പണം, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും. ഡിസംബർ 8-ന് രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് സമുദായദിനാചരണ പരിപാടികൾ ക്രമീകരിച്ചിട്ടുള്ളത്. ആ സമ്മേളനത്തിൽ ഇടവക അല്മായശുശ്രൂഷാ കോർഡിനേറ്റർ പങ്കെടുക്കേണ്ടതാണ്. അതിനായി വികാരിയച്ചൻ സവിശേഷ താല്പര്യമെടുക്കുമല്ലോ. ഇടവകയിൽ നിന്നും പങ്കെടുക്കുന്ന പ്രതിനിധിയുടെ പേര് നവംബർ 25-ന് മുമ്പ് രൂപതാ അല്മായ കമ്മീഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇവരെക്കൂടാതെ ഓരോ രൂപതയിൽ നിന്നും കെ.എൽ.സി.എ., ഡി.സി.എം.എസ്., കെ.എൽ.എം., കെ.എൽ.സി.ഡബ്ല്യു.എ., കെസി.വൈ.എം., എന്നീ സംഘടനകളുടെ 10 വീതം പ്രതിനിധകളും പങ്കെടുക്കും. ഇവരും രൂപതാ അല്മായ കമ്മീഷൻ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങൾക്ക് ഗുരുവും നാഥനുമായ ക്രിസ്തുവിന്റെ അനുഗ്രഹം സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർഥിച്ചുകൊണ്ട്,

**ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപ്പറമ്പിൽ**
*ജനറൽ സെക്രട്ടറി, KRLCC*

**ബിഷപ് അലക്സ് വടക്കുംതല**
*ചെയർമാൻ*
*KRLCBC അല്മായ കമ്മീഷൻ,*

**ഫാ. ഷാജ്കുമാർ**
*സെക്രട്ടറി,*
*കെആർഎൽസി.സി*

**ഷാജി ജോർജ്**
*വൈസ്പ്രസിഡന്റ്,*
*കെആർഎൽസി.സി അല്മായ കമ്മീഷൻ*

### ആർച്ച്ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ മെമ്മോറിയൽ

# ദൈവാലയ ഗായകസംഘമത്സരവും

### ബിഷപ്പ് പീറ്റർ തുരുത്തിക്കോണം മെമ്മോറിയൽ

# പ്രസംഗമത്സരവും

## 2019 നവംബർ 23 ശനി

**പു**ണ്യസ്മരണാർഹരായ അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെയും അഭിവന്ദ്യ പീറ്റർ തുരുത്തിക്കോണം പിതാവിന്റെയും അനുസ്മരണാർഥം യഥാക്രമം ദൈവാലയ ഗായകസംഘമത്സരവും പ്രസംഗ മത്സരവും ഈ വർഷവും നടത്തപ്പെടുന്നു. **2019 നവംബർ 23-ാം തീയതി ശനിയാഴ്ചയാണ്** ഈ വർഷത്തെ രൂപതാതല മത്സരങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. **നവംബർ മാസം 11-ാം തീയതിക്കു** മുൻപായി മേഖലാതല മത്സരങ്ങൾ നടത്തുവാൻ ഫൊറോനാ വികാരിമാർ ശ്രദ്ധിക്കുമല്ലോ. മേഖലാതലത്തിലുള്ള മത്സരങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തുന്നവരെ മാത്രം രൂപതാ മത്സരങ്ങളിലേക്ക് അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. **എല്ലാ ഫൊറോനാകളുടെയും പ്രാതിനിധ്യം 2 മത്സര വിഭാഗങ്ങളിലും ഉറപ്പുവരുത്തുവാൻ ബഹു. ഫൊറോനാ വികാരിമാർ പരിശ്രമിക്കണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.**

I. **ഗായകസംഘമത്സരത്തിനുള്ള നിബന്ധനകൾ**

a. വിജയപുരം രൂപതയിലെ ഇടവകാംഗങ്ങളായ ഗായകസംഘങ്ങൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

b. സംഘത്തിൽ ഓർഗനിസ്റ്റ് ഉൾപ്പടെ ആറ് അംഗങ്ങൾ ഉണ്ടായിരിക്കണം. പരമാവധി 15 പേർ മാത്രം.

c. ദൈവാലയശുശ്രൂഷകളിൽ ആലപിക്കപ്പെടുന്ന ഒരു ഗാനം മാത്രമാണ് അനുവദനീയം.

d. ദിവ്യബലിയർപ്പണത്തിലെ പ്രവേശനഗാനം, കാഴ്ചവയ്പ്പ് ഗാനം, ദിവ്യഭോജനഗാനം എന്നിവ മാത്രമാണ് അനുവദനീയം. ക്രിസ്തമസ് കരോൾ ഗാനങ്ങൾ, മൃതസംസ്ക്കാര ശുശ്രൂഷാഗാനങ്ങൾ എന്നിവ അനുവദനീയമല്ല.

e. പശ്ചാത്തലസംഗീതത്തിനല്ല, പാട്ടിനാണ് പ്രാധാന്യം; അതിനു വ്യക്തത ഉണ്ടായിരിക്കണം. ശ്രുതി, ലയം, താളം ഇവയുടെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ തെരഞ്ഞെടുക്കുക. ഏകാലാപനം (സോളോ) അനുവദനീയമല്ല.

f. പശ്ചാത്തലസംഗീതത്തിന് ഓർഗൺ മാത്രം ഉപയോഗിക്കാം. എന്നാൽ തൽസമയം വാദനം ചെയ്യണം. സി.ഡി., പെൻഡ്രൈവ് എന്നിവയുടെ ഉപയോഗം അനുവദനീയമല്ല.

g. മത്സര സമയം 10 മിനിറ്റ് ആയിരിക്കും.
h. **മേഖലാമത്സരങ്ങൾക്ക് പശ്ചാത്തലസംഗീതം അനുവദനീയമല്ല.**
i. രൂപതാതല മത്സരത്തിന് പശ്ചാത്തലസംഗീതം നിർബന്ധമാണ്.
j. രൂപതാതലമത്സരത്തിന് മേഖലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ടീമിന് ഓർഗണിസ്റ്റ് ഇല്ലായെങ്കിൽ ഫൊറോനാവികാരിയുടെ അനുവാദത്തോടുകൂടി മേഖലയിലെ ഏതെങ്കിലും ഇടവകാംഗമായ ഒരു ഓർഗ്ഗണിസ്റ്റിനെ മത്സരത്തിനായി ടീമിൽ ഉൾപ്പെടുത്താവുന്നതാണ്.
k. ഗാനാലാപനത്തിൽ "ചിട്ടാ സ്വരങ്ങൾ" (ഉദാ.ഗമപ. പധനി)ഉപയോഗിക്കുന്നത് അനുവദനീയമല്ല.
l. സ്റ്റേജിൽ മൈക്രോഫോണുകളും മോണിറ്ററും സജ്ജീകരിച്ചിരിക്കും. ഇവ ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്.
m. മേഖലാതലത്തിൽ മത്സരം നടത്തി തെരഞ്ഞെടുക്കപ്പെടുന്ന ടീമുകൾ ബഹു. വികാരി അച്ചൻമാരുടെ സാക്ഷ്യപത്രത്തോടൊപ്പം അവതരിപ്പിക്കുന്ന ഗാനത്തിന്റെ ഒരു കൈയ്യെഴുത്തുപ്രതി പരിശോധനക്കായി രൂപതാ മതബോധനകേന്ദ്രത്തിൽ **നവംബർ 13-ാം തീയതി**ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. അംഗീകരിച്ച ഗാനങ്ങൾ മാത്രമേ സ്റ്റേജിൽ അവതരിപ്പിക്കാവൂ.
n. മത്സരത്തെ സംബന്ധിച്ചുള്ള പരാതികൾ മത്സരം അവസാനിച്ച് 15 മിനിറ്റിനുള്ളിൽ **250 രൂപ ഫീസ്** സഹിതം എഴുതി സമർപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.
o. ഗായകസംഘമത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.

II. **പ്രസംഗമത്സരത്തിനുള്ള നിബന്ധനകൾ**

1. പ്രസംഗ സമയം 5 മിനിറ്റായിരിക്കും.
2. മത്സരത്തിനു 10 മിനിറ്റ് മുമ്പ് മാത്രമേ വിഷയം നൽകപ്പെടുകയുള്ളൂ.
3. മത്സരാർത്ഥികൾ രൂപതാംഗങ്ങളും 15 വയസ്സ് മുതൽ 25 വയസ്സ് വരെ പ്രായപരിധിയിലുള്ളവരുമായിരിക്കണം. പ്രായം തെളിയിക്കുന്നതിന് ജ്ഞാനസ്നാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
4. സഭാകമ്പം ഇല്ലാതെ സംസാരിക്കാനുള്ള കഴിവ്, അക്ഷരസ്ഫുടത, ഭാഷാശുദ്ധി, ആശയസ്ഫുടത, ധാരാവാഹിത്വം, ശബ്ദനിയന്ത്രണം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ തെരഞ്ഞെടുക്കുന്നത്.
5. മേഖലാതലത്തിൽ മത്സരം നടത്തി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ ബഹു. വികാരി അച്ചൻമാരുടെ സാക്ഷ്യപത്രത്തോടൊപ്പം **നവംബർ 23-ാം തീയതി** രാവിലെ 9.30 ന് രൂപതാ പാസ്റ്ററൽ സെന്ററിലുള്ള രജിസ്ട്രേഷൻ കൗണ്ടറിൽ എത്തിച്ചേരേണ്ടതാണ്. 10 മണിക്ക് മത്സരങ്ങൾ ആരംഭിക്കും.
6. മത്സരത്തെ സംബന്ധിച്ചുള്ള പരാതികൾ മത്സരം അവസാനിച്ച് 15 മിനിറ്റിനുള്ളിൽ 250 രൂപ ഫീസ് സഹിതം എഴുതി സമർപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

***മോൺ. ജസ്റ്റിൻ മഠത്തിൽപ്പറമ്പിൽ***
*വികാരി ജനറാൾ*

# മരണം

സി. റോസ് RFTS

ജനനം എന്ന യാഥാർത്ഥ്യത്തിലൂടെ ഒരിക്കൽ കടന്നുവന്ന എല്ലാവരും മരണമെന്ന യാഥാർത്ഥ്യത്തിലൂടെയും കടന്നു പോകേണ്ടവരാണ്. മരണമെന്ന യാഥാർത്ഥ്യം നാം പ്രതീക്ഷിക്കുന്നതിനെക്കാൾ അരികിലായി ഉണ്ട്. ഓരോരുത്തരും പ്രതീക്ഷിക്കുന്ന സമയത്തായിരിക്കണമെന്നില്ല മരണം സംഭവിക്കുന്നത്. മനുഷ്യൻ ഒരു സാമൂഹ്യജീവിയായതുകൊണ്ട് മരണത്തോടുകൂടി ആ വ്യക്തിയുടെ വിചാരങ്ങളും, വാക്കുകളും, പ്രവൃത്തികളും, എന്നേയ്ക്കുമായി അവസാനിക്കും. ജീവിച്ചിരിക്കുമ്പോൾ ഓരോരുത്തർക്കും അവരുടെതായ സ്വാതന്ത്ര്യമുണ്ട്. എന്നാൽ മരണത്തോടെ അവയും നഷ്ടമായിത്തീരുന്നു. ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ഓരോ നിമിഷവും ഏറ്റവും വിലപ്പെട്ടതാണ്എന്ന ചിന്ത നമുക്കുണ്ടായിരിക്കണം. പാപത്തിൽ നിന്നും മറ്റ് തിന്മ പ്രവൃത്തികളിൽ നിന്നും നാം വിമുക്തരാകണം കാരണം ചില പാപങ്ങൾ നമ്മെ വഴിതെറ്റിക്കുകയും അവസാനം മരണത്തിന് വിധേയമാക്കുകയും ചെയ്യുന്നു. എന്നാൽ മാമ്മോദീസ സ്വീകരിച്ച് ക്രിസ്തുവിന്റെ ശരീരത്തിന്റെ അവയവങ്ങളായിത്തീർന്നിരിക്കുന്ന ഏവരും മരണാനന്തര സ്വർഗീയ ജീവിതത്തിന് അർഹരാണ്. അതിനാൽ ക്ഷമാപൂർവ്വം കാത്തിരിക്കാം.

ഉൽപ്പത്തിപുസ്തകത്തിൽ നാം കാണുന്നത് ദൈവത്തിന്റെ വചനത്തിനു പകരം ലോകം പറയുന്ന നന്മയും തിന്മയും സ്വീകരിക്കാൻ തയ്യാറായ ആദിമനുഷ്യരായ ആദത്തെയും ഹവ്വായെയുമാണ്. ദൈവം നിർദ്ദേശിച്ചതിനു വിരുദ്ധമായി പറഞ്ഞ സർപ്പത്തെയും, പിന്നീട് പരസ്പരവും  വിശ്വസിച്ച അവർ വഞ്ചിക്കപ്പെട്ടു എന്നത് നമുക്കറിയാം. ദൈവവചനം പഠിപ്പിക്കുന്ന കാര്യങ്ങൾ ജീവനുള്ള കാലത്തോളം പരമാവധി ചെയ്യുവാനും, ദൈവവചനം നിരോധിച്ചിരിക്കുന്ന തിന്മകളിൽ നിന്നും മാറി നടന്ന് ജീവിതം നയിക്കാനും നമുക്ക് സാധിക്കണം. നമുക്കൊരോരുത്തർക്കും ജീവൻ നൽകിയ ദൈവത്തിന്റെ ഹിതം അതു തന്നെയാണ് കാരണം. നമ്മുടെ ഓരോ പ്രവൃത്തിയും വാക്കുകളും നല്ല ഫലങ്ങളോ മോശം ഫലങ്ങളോ പുറപ്പെടുവിക്കുന്നവയാകാം. അതുപോലെ നമ്മുടെ തന്നെ ആത്മാവിന് ഗുണകരമോ, ദോഷകരമോ ആകാം. നന്മയെ മാത്രം തെരഞ്ഞെടുക്കാനുള്ള ഇച്ഛാശക്തിയും തിന്മയെ നിരാകരിക്കുവാനുള്ള നിശ്ചയദാർഢ്യവും നമുക്ക് നൽകുന്നത് ദൈവവുമായുള്ള നല്ല സ്നേഹബന്ധവും ഒപ്പം സഹോദരങ്ങളോടുള്ള സ്നേഹവുമാണ്. ഓരോ മനുഷ്യനും ജീവൻ നൽകുന്നത് ശരീരമോ, മനസ്സോ, ആന്തരിക അവയവങ്ങളോ, അല്ല അവന്റെയുള്ളിൽ വസിക്കുന്ന ആത്മാവാണെന്ന് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. (യോഹ 6:63) വീണ്ടും അവിടുന്ന് പറയുന്നു. “ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്.” അതായത് ആത്മാവിന് ജീവൻ നൽകുന്നത് അവൻ പറയുന്ന വാക്കുകളാണ്. ഉറപ്പുള്ള മരണത്തെ ഒരുക്കത്തോടെ കാത്തിരിക്കുന്നവനാകണം ഓരോ ക്രിസത്യാനിയും. വർഷത്തിലെ ഓരോ നവംബർ മാസവും നാം സകല മരിച്ചവരെയും അനുസ്മരിക്കുന്നു.  അതിനാൽ നമ്മുടെ കുടുംബങ്ങളിൽ നിന്നും പരിചയക്കാരിൽ നിന്നും ഇഹലോക ജീവിതം അവസാനിച്ച് കടന്നു പോയ ആത്മാക്കൾക്കുവേണ്ടി പ്രാർഥിക്കുവാൻ ഈ ദിവസങ്ങൾ നമുക്ക് വിനിയോഗിക്കാം. ഒപ്പം കടന്നുപോകേണ്ട മരണമെന്ന വാതിലിനുവേണ്ടി ഒരുക്കമുള്ളവരായി കാത്തിരിക്കാൻ ജാഗ്രതയോടെ ജീവിക്കാം.

# 'പരേത സ്മരണയിൽ'

ഷീനാ ജോസഫ്

ജനനം ദൈവത്തിന്റെ ദാനമാണെങ്കിൽ മരണമെന്നത് ദൈവത്തിന്റെ തിരഞ്ഞെടുപ്പാണ്. ദൈവം തിരഞ്ഞെടുത്ത് സ്വർഗ്ഗീയ പിതാവിന്റെ ഭവനത്തിലേക്ക് യാത്രയായവരെക്കുറിച്ച് ഓർമ്മിക്കുകയാണ് ഈ നവംബർ മാസം.

മരണം കൂദാശകളുടെ പൂർത്തികരണമാണ്. ക്രിസ്തുവിനെ നേരിൽ അഭിമുഖീകരിക്കുന്ന നിമിഷമെന്ന നിലയിൽ ഏറ്റവും അടിസ്ഥാനപരമായ ഉൽകൃഷ്ടമായ കൂദാശയെന്നുപോലും മരണത്തെ ദൈവ ശാസ്ത്രജ്ഞർ വിളിക്കുന്നു. സഹജീവികൾക്കുവേണ്ടി ജീവൻ ഹോമിച്ച ക്രിസ്തുവിന്റെ മാർഗ്ഗം സ്വീകരിക്കുകയാണ് വിശ്വാസത്തിനുവേണ്ടി മരിക്കുകവഴി ഒരുവൻ ചെയ്യുക.

ക്രിസ്തുവിന്റെ മരണം പുതിയ ഉടമ്പടിയുടെ അച്ചാരമാണ്. സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും സമ്പൂർണ്ണ പ്രവർത്തനമായിരുന്ന ആ മരണത്തിലൂടെ മനുഷ്യന്റെ മരണവും സ്വാധീനിക്കപ്പെട്ടു കഴിഞ്ഞു. ദൈവപുത്രൻ മരണത്തിനും വിധേയനായതുകൊണ്ട്, മരിക്കുക ഒരിക്കലും നിരാലംബതയുടേയോ, നിരാശയുടെയോ പ്രതീകമല്ലെന്ന് വ്യക്തമാണ്. "നമ്മിലൊരുവനും തനിക്കുവേണ്ടിത്തന്നെ ജീവിക്കുന്നില്ല. തനിക്കുവേണ്ടിമാത്രം മരിക്കുന്നുമില്ല നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു, മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു? ആകയാൽ ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാകുന്നു. എന്തെന്നാൽ ജീവിക്കുന്നവരുടെയും മരിച്ചവരുടെയും കർത്താവായിരിക്കുന്നതിനാണ് അവിടുന്ന് മരിച്ചതും ഉത്ഥാനം ചെയ്തും." (റോമ 14:79) ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ജീവിതവും മരണവും ഒന്നുപോലെ അനുഗ്രഹപ്രദമാണ്.

നമ്മുടെ മഹത്വപൂർണ്ണമായ ഉത്ഥാനത്തിന്റെ മാതൃകയും ജീവനിലേയ്ക്കുള്ള തിരിച്ചുവരവിന്റെ സാക്ഷ്യവുമാണ് ക്രിസ്തുവിന്റെ ഉത്ഥാനം. "മഹത്വ പൂർണ്ണമായ ഉത്ഥാനത്തിനു മുമ്പ് ക്രിസ്തു നാഥൻ മരണം കൈവരിക്കേണ്ടിയിരിക്കുന്നു." (ലൂക്കാ 24:26). മരണം മനുഷ്യന്റെ ഉയിർപ്പിന്റെ ഒരു മാനം മാത്രമാണ്. "ഗോതമ്പുമണി നിലത്തു വീണഴുകിന്നില്ലായെങ്കിൽ അതിൽ നിന്നു പുതുജീവൻ പുറപ്പെടുകയില്ല." (യോഹ. 12:24) നിത്യജീവൻ വഴി രൂപാന്തരപ്പെടാണ് നാം മരണമാകുന്ന മാമ്മോദീസ സ്വീകരിക്കുന്നത്. ഞാൻ ജീവനും പുനരുത്ഥാനവുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. എന്നിൽ വിശ്വസിച്ചു ജീവിക്കുന്നവൻ നിത്യമായി മരിക്കുകയില്ല. '(യോഹ. 11: 25-26) എന്നു യേശു വ്യക്തമാക്കിയിട്ടുണ്ടല്ലോ. ഇങ്ങനെ നോക്കുമ്പോൾ നമ്മെ നമ്മുടെ നിത്യഭവനത്തിൽ എത്തിക്കുന്ന പാനപാത്രമാണ് മരണം.

നമുക്ക് നിത്യഭവനത്തിൽ പ്രവേശിക്കുക എളുപ്പമല്ല. ശുദ്ധീകരണത്തിനു വിധേയരായേ നമുക്ക് നിത്യസൗഭാഗ്യം നേടാൻ സാധിക്കുകയുള്ളൂ. ദൈവവുമായുള്ള സൗഹൃദത്തിൽ മരിക്കുന്നവർ നിത്യരക്ഷ ഉറപ്പുള്ളവരെങ്കിലും

സ്വർഗ്ഗീയ സൗഭാഗ്യത്തിൽ പ്രവേശിക്കുവാൻ ശുദ്ധീകരണം വീണ്ടും ആവശ്യമാണ്. പാപപ്പരിഹാരവും പ്രായശ്ചിത്തവുമാണ് ശുദ്ധീകരണത്തിന്റെ പ്രധാനഘടകങ്ങൾ. ജീവിച്ചിരിക്കുന്നവരുടെ പ്രാർഥനയുടെ ഫലമായി മരിച്ചവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുമെന്ന് യഹൂദർ വിശ്വസിച്ചിരുന്നതായി മക്കബായരുടെ (2 മക്കബായർ 12:3-45) പുസ്തകത്തിൽ വ്യക്തമാക്കുന്നു. ശുദ്ധീകരണത്തെ സംബന്ധിച്ച വിശ്വാസം ആദിമകാലം മുതൽ കത്തോലിക്കാസഭയിൽ നിലനിന്നിരുന്നു. പരിശുദ്ധാരൂപിയാലും വി. ഗ്രന്ഥത്താലും, പിതാക്കന്മാരുടെ പാരമ്പര്യത്താലും നയിക്കപ്പെടുന്ന കത്തോലിക്കാസഭാ പരിശുദ്ധ സൂനഹദോസുകൾ വഴി ശുദ്ധീകരണമുണ്ടെന്നും അവിടെക്കഴിയുന്ന ആത്മാക്കളെ വിശ്വാസികൾക്ക് തങ്ങളുടെ മാദ്ധ്യസ്ഥത്താൽ വിശേഷിച്ച് പരിശുദ്ധ കുർബാനയാൽ സഹായിക്കാൻ കഴിയുമെന്ന് പ്രഖ്യാപിക്കുന്നു. വിശ്വാസികൾക്ക് മരിച്ചവരുടെ ആത്മാക്കളെ തങ്ങളുടെ പ്രാർഥനകളാലും സൽപ്രവൃത്തികളാലും സഹായിക്കാനാകും. ക്രിസ്തുവിന്റെ പെസഹാ രഹസ്യത്തിലൂടെ കൈവന്ന രക്ഷ ഓരോരുത്തരും സ്വന്തമാക്കുന്നത് സഭയുടെ കൗദാശിക ജീവിതത്തിലൂടെയും പ്രാർഥനയിലൂടെയുമത്രേ.

മരണത്തിന്റെ ഇരുട്ടിനെ കൂടുതൽ തീക്ഷ്ണമായ സ്നേഹപ്രവൃത്തി കൊണ്ട് നേരിടണം. നമ്മുടെ പ്രിയപ്പെട്ടവർ ശൂന്യതയുടെ ഇരുളിൽ നഷ്ടപ്പെട്ടുപോകുന്നില്ല. അവർ ദൈവത്തിന്റെ നല്ലതും കരുത്തേറിയതുമായ കരങ്ങളിലാണെന്ന പ്രത്യാശ നമുക്കു ഉറപ്പുതരുന്നു. സ്നേഹം മരണത്തേക്കാൾ ശക്തിയുള്ളതാണ്. അതുകൊണ്ട് സ്നേഹം വളരാൻ ഇടയാക്കുക, അനുവദിക്കുക എന്നതാണ് മാർഗം. ഓരോ കണ്ണുനീർത്തുള്ളിയും തുടച്ചു മാറ്റപ്പെടുന്ന ദിവസം വരെ സ്നേഹം നമ്മെ സംരക്ഷിക്കും.

"ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല" (വെളി 21:4)

---






**നവംബർ**

## ജന്മദിനാശംസകൾ

**03 Fr. Varghese Alumkal**
**05 Fr. Pius Kudakassery**
**14 Fr. Joseph Meenaikkodath**
**17 Fr. Tom Jose**
**17 Fr. Lenin Jose Kallan OCD**
**22 Fr. Mathew Lazar Villukulam**
**29 Fr. Anosh Poovakattutharapel**
**30 Fr. Kleetus Kathirparambil**

# FLOOD RELIEF COLLECTION AMOUNT

| | |
|---|---|
| 1.Vimalahridya Church, Kuttikanam | 15,020 |
| 2.Mary Mount Church, Changanassery | 9,000 |
| 3. St.Joseph's Church, Podimattom | 10,000 |
| 4 Mary Queen's Church, Nedumudy | 4,000 |
| 5. St.Joseph's Church, Kattapana | 8,500 |
| 6 Mount Carmel Church,Kozhimala | 5000 |
| 7. Little Flower Church,Ranny | 12,000 |
| 8 St.Joseph's Church,Maramon | 10,000 |
| 9. St.Thomas Church,Vechoochira | 2,555 |
| 10 St.John De Baptist, Veloor | 10,000 |
| 11 Our Lady Of Perpetual Help,Chithirapuram | 15,000 |
| 12 Our Lady Of Guadalupe Matha, Pala | 15,000 |
| 13 St.Antony's Church,Chappath | 8,000 |
| 14 St.Jude Church,Dindicombu | 31,400 |
| 15 St.Joseph's Church, Velliyamattom | 10,070 |
| 16 St.Mary's Church, Nattassery | 9,000 |
| 17 St.Mary's Church, Mundakayam | 30,000 |
| 18 St.Peter's Church, Kumarakom | 6,000 |
| 19 St.Joseph's Church,Chengalam | 23,600 |
| 20 Little Flower Church, Vanavathukara | 6,240 |
| 21 Mount Carmel Church, Kunnumbhagam | 5,000 |
| 22 St.Theresa's Church, Pakkil | 25,000 |
| 23 St.George Church,Perumbavoor | 50,000 |
| 24 Good Shepherd Church, Kottayam | 25,980 |
| 25 St.Mary's Church,Thellakom | 9,285 |
| 26 St.Sebastian's Church,Chathanthara | 3,100 |
| 27 Assisi Hospital, Erumely | 6,000 |
| 28 St.Joseph's Church, Erumely | 10,000 |
| 29 Our Lady of Lourde's Church,Chinnakanal | 7,260 |
| 30 St.Joseph's Church, Surianelly | 10,000 |
| 31 St.Joseph's Church,Gudarale | 5,090 |

| | |
|---|---|
| 32 St.Mary's Church, Marayoor | 10,500 |
| 33. SHGroup, Vanavathukara | 35,000 |
| 34 Little Flower Church,Kanthaloor | 5,000 |
| 35 St.Pius X Church,Pius Nagar | 5,100 |
| 36 St.Antony's Church, Thalayar | 5,000 |
| 37 Our Lady of Lourde's Church, Kumily | 30,000 |
| 38 St.Joseph's Church,Viswanathapuram | 5,000 |
| 39 Assumption Church,Vandiperiyar | 20,000 |
| 40 St.Joseph's Church,Aranackal | 5,000 |
| 41 Mary Giri Church, Kallar | 10,500 |
| 42 Sacred Heart Church, Pambanar | 15,000 |
| 43 St.Sebastian's Church,Cheenthalar | 16,000 |
| 44 Mount Carmel Church ,Andoor | 9,000 |
| 45 Velankanni Matha Church, Blyelreve | 1,500 |
| 46 Mount Carmel Church, Vazhoor | 6,000 |
| 47 St.Xavier's Church,Kurichy | 19,383 |
| 48 Ave Maria Church,Devikulam | 10,000 |
| 49 St.Anne's Church,Pallivasal | 5,250 |
| 50 St.Joseph's Church, Thiruvalla | 4,000 |
| 51 Holy Cross Church,Vaishyambhagam | 8,770 |
| 52 Mount Carmel Church, Thiruvanchoor | 13,000 |
| 53 St.Xavier's Church, Kanjirapara | 2,000 |
| 54 Mother Theresa's Church, Thodupuzha | 10,000 |
| 55 Little Flower Church,Elikulam | 10,500 |
| 56 Infant Jesus Church,Santhanpara | 2,180 |
| 57 St.Mary's Church, Manarcaud | 3,400 |
| 58 St.Boniface Church,Pattithanam | 10,000 |
| 59 St.Francis de Sales Church,Peruva | 4,250 |
| 60 Little Flower Church,Kattampack | 1,500 |
| 61 Infant Jesus Church, Madhuraveli | 4,200 |
| 62 Holy Cross Church,Mannackanad | 10,000 |
| 63 St.Joseph's Church,Yendayar | 2,200 |
| 64 Mount Carmel Church , Perumpetty | 1,000 |
| 65 Infant Jesus Church, Elapara | 10,000 |
| **Total** | **7,88,333** |

# അവൻ വരുന്നു രക്ഷകനും വിധികർത്താവുമായി

ഫാ. ടോം ജോസ്

ADVENTUS എന്ന ലത്തിൻ പദത്തിൽ നിന്നാണ് ആഗമനകാലം എന്ന പേര് ഉത്ഭവിക്കുന്നത്. അവൻ വന്നുകൊണ്ടിരിക്കുന്നു എന്നാണർത്ഥം. കാലത്തിന്റെ പൂർണ്ണതയിൽ സംഭവിച്ച ഒന്നാമത്തെ ആഗമനത്തിനും, യുഗങ്ങളുടെ പൂർണ്ണതയിൽ സംഭവിക്കാനിരിക്കുന്ന രണ്ടാം വരവിനും ഒരു പോലെ സഭയെ സജ്ജമാക്കുന്നതിനാണ് ആഗമന കാലം. ആഗമനകാലത്തെ വചന വായനയും പ്രാർത്ഥനയും വഴി ഈ രണ്ട് വരവുകളിലേക്കും സഭ തയ്യാറെടുക്കുന്നു. ആരാധനാവത്സരത്തിലെ പ്രഥമ കാലമാണ് ആഗമനകാലം. തിരുസഭയുടെ ആരാധന ജീവിതത്തിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരം പല കാലഘട്ടങ്ങളിലും പല വിധത്തിലായിരുന്നു. ഫ്രാൻസിലെ സഭ 4-ാം നൂറ്റാണ്ടിൽ ഫ്രാൻസിന്റെ മദ്ധ്യസ്ഥനും, സന്യാസവര്യനുമായ ടൂർസിലെ വി. മാർട്ടിന്റെ തിരുനാളായ നവംബർ 11 മുതൽ തപസനുഷ്ഠിച്ച് മനുഷ്യാവതാര രഹസ്യം ആചരിക്കാൻ തയ്യാറെടുത്തിരുന്നു. അവർ ക്രിസ്തുമസ് കാലം ജ്ഞാനസ്നാനത്തിനുള്ള കാലമായി ആചരിച്ചു.

7-ാം നൂറ്റാണ്ടിൽ ഗ്രിഗരി 1-ാ മൻ പാപ്പ ആഗമനകാലത്തിനു വേണ്ടി പ്രാർത്ഥനകളും, പ്രഭണിതങ്ങളും, ഗീതകങ്ങളും, ധ്യാനങ്ങളും, വായനകളും രചിച്ച് അവതരിപ്പിക്കുകയും സഭ മുഴുവനുമുള്ള ആരാധന കാലമായി ആഗമന കാലം ക്രമപ്പെടുത്തുകയും ചെയ്തു. അതു മുതൽ ഈ കാലാചരണത്തിന് സാർവ്വത്രികത ലഭിക്കുകയും റോമൻ റീത്തിന്റെ മുഴുവൻ ആചരണമാകുകയും ചെയ്തു.

ആഗമനകാലം ആരംഭിക്കുന്നത് നവംബർ 30 ന് അടുത്തു വരുന്ന ഞായറാഴ്ചയുടെ ഒന്നാം സായാഹ്നത്തോടെയാണ്. ഡിസംബർ 24 ന് സായാഹ്നത്തിന് മുമ്പായി ആഗമനകാലം പൂർത്തിയാകും. ആഗമനകാലത്ത് 4 ഞായറാഴ്ചകൾ ഉണ്ടായിരിക്കും. എന്നാൽ ഇരുപത്തിയഞ്ച് ദിവസമാണ് ഇതിന്റെ ദൈർഘ്യം എന്ന് പറയാനാകില്ല. ആഗമനകാലത്തിന്റെ ഒന്നാം ഭാഗത്ത് ക്രിസ്തുവിന്റെ യുഗാന്താഗമനത്തിനുള്ള ഒരുക്കമാണ് മുഖ്യമായും നടക്കുന്നത്. രണ്ടാം ഭാഗമായ ഡിസംബർ 17 മുതൽ 24 വരെ ഉള്ള കാലത്ത് തിരുസഭ ചെയ്യുന്നത് മനുഷ്യനായി അവതരിച്ച ദൈവപുത്രനെ ദർശിക്കാനുള്ള ഒരുക്കമാണ്. ആഗമന കാലത്ത് സഭ തന്റെ തനയരെ ക്രിസ്തു ദർശനത്തിലേക്ക് നയിക്കുന്നത് മൂന്ന് ചിന്താധാരകളിലൂടെയാണ്. പഴയ നിയമത്തിൽ, പ്രത്യേകിച്ച് ഏശയ്യായുടെ പ്രവചനത്തിൽ സുവ്യക്തമാകുന്ന മിശിഹായെക്കുറിച്ചുള്ള പ്രവചനങ്ങൾ ധ്യാനിക്കുന്നതാണ് ഒന്നാമത്തെ ഭാഗം. മാനസാന്തരത്തിലൂടെയും, ജീവിത നവീകരണത്തിലൂടെയും രക്ഷകനെ കണ്ടെത്തണമെന്ന് ധീരമായി പറഞ്ഞ സ്നാപക യോഹന്നാന്റെ പ്രഘോഷണവും, ജീവിത മാതൃകയും അവതരിപ്പിക്കുന്നതാണ് രണ്ടാം ഭാഗം. രക്ഷകനുവേണ്ടി തന്റെ ജീവനും, ജീവിതവും വിട്ടുകൊടുത്ത അമലോത്ഭവ

കന്യകാമറിയത്തെ, ദൈവം കൂടെ വസിക്കുന്ന അനുഭവം മാതൃകയാക്കി ജീവിക്കാൻ സഹായിക്കുന്നതാണ് മൂന്നാമത്തെ ഭാഗം.

ആരാധനാ പഞ്ചാംഗത്തിൽ വചന വായനയുടെ മൂന്ന് വൃത്തങ്ങളിലും സുവിശേഷ പാരായണത്തിൽ ആഗമന കാലം ഒന്നാം ഞായറാഴ്ച, യുഗങ്ങളുടെ പൂർണ്ണതയിൽ വരുന്ന വിധിയാളനായ രക്ഷകനെക്കുറിച്ചും, രണ്ടും മൂന്നും ഞായറാഴ്ചകളിൽ സ്നാപക യോഹന്നാന്റെ സന്ദേശത്തെയും ജീവിതത്തേയും കുറിച്ചും, നാലാം ഞായറാഴ്ച നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിന് തൊട്ടുമുമ്പായി നടന്ന തയ്യാറെടുപ്പുകളെയും സംഭവങ്ങളെയും കുറിച്ചാണ് വായനകൾ - സുവിശേഷത്തിന് മുമ്പുള്ള വായനകളിലെ സന്ദേശവും ഇതേ ക്രമത്തിൽ തന്നെയാണ്. റോമൻ മിസാളിൽ ആഗമന കാലത്ത് പ്രാർത്ഥിക്കാൻ തന്നിരിക്കുന്ന രണ്ട് ആമുഖ ഗീതികളിലും ഇതേ ആശയം കാണാം. അവയിലൂടെ യുഗാന്താഗമനത്തെക്കുറിച്ചും മനുഷ്യാവതാരത്തെക്കുറിച്ചും ദൈവത്തെ സ്തുതിക്കാൻ സഭ എല്ലാവരെയും ക്ഷണിക്കുന്നു.

ജനപ്രിയ ഭക്തികളാൽ സംപുഷ്ടമാണ് ആഗമനകാലം. ആഗമനകാല തിരികൾ, ആഗമനകാല കലണ്ടറുകളും സമ്മാനങ്ങളും, നക്ഷത്ര വിളക്കുകൾ, കാരൾ പ്രാർത്ഥനകൾ, സാന്താക്ലോസ് ഇവയെല്ലാം ലോകത്ത് പല പ്രദേശങ്ങളിലും ആചരിക്കപ്പെടുന്ന ആഗമനകാല ജനപ്രിയ ഭക്തമുറകളാണ്. രക്ഷകനായ ദൈവത്തിനായുള്ള കാത്തിരിപ്പിന്റെ പ്രാർത്ഥനകളും പരിത്യാഗത്തിന്റെയും, പങ്കുവയ്ക്കലിന്റെയും ജീവിതത്തിനായുള്ള പ്രചോദനവുമാണ് ഈ ഭക്താനുഷ്ഠാനങ്ങൾ നൽകുന്ന സന്ദേശം. ആഗമന കാലത്തിന്റെ ലിറ്റർജിക്കൽ നിറം നീല കലർന്ന ധൂമ്രമാണ്. മൂന്നാം ഞായറാഴ്ച റോസ് നിറവും. ഇവ രണ്ടും പരിത്യാഗത്തിലുള്ള സന്ദേശവും കാത്തിരിപ്പ് നൽകുന്ന പ്രത്യാശയുമാണ് ചൂണ്ടിക്കാണിക്കുന്നത്.

അവൻ വരുന്നു, വന്നു കൊണ്ടിരിക്കുന്നു, എന്നും വരുന്നു, അനുദിനവും ദൈവം നമ്മുടെ കൂടെ വസിക്കുന്നു എന്നും, സ്വർഗ്ഗീയ രക്ഷയിലേയ്ക്ക് നയിക്കുന്നു എന്നും, ഓർക്കാൻ ആഗമനകാലം നമ്മെ സഹായിക്കട്ടെ.

---

## പരേതരെ സ്മരിക്കാം – നവംബർ

| | | |
|---|---|---|
| 7 | (1984) | Msgr.Jacob Vellaringatt |
| 12 | (1981) | Fr.Benedict OCD |
| 13 | (2007) | Fr.Vigilius Chiriyankandathil |
| 14 | (1996) | Fr.Jovakkim Kanakkanchery |
| 23 | (2011) | Fr.M. Dharmaraj |
| 24 | (1931) | Fr.Marian OCD |
| 25 | (2000) | Fr.Felicissimo OCD |
| 29 | (2012) | Fr.Paul Kanatt |

# ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മദർതെരേസ സ്കോളർഷിപ്പ്

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ നഴ്സിംഗ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് മദർതെരേസ സ്കോളർഷിപ്പിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലിം ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 15,000 രൂപയാണ് സ്കോളർഷിപ്പ്. സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസിംഗ് നഴ്സിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. യോഗ്യതാ പരീക്ഷയിൽ 45 ശതമാനം മാർക്ക് നേടിയിരിക്കണം. ബിപിഎൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ എട്ടുവർഷം രൂപ വരെ വാർഷിക വരുമാനമുള്ള എപിഎൽ വിഭാഗത്തെയും പരിഗണിക്കും. കോഴ്സ് ആരംഭിച്ചവർക്കും/ ഒന്നാംവർഷം പഠിക്കുന്നവർക്കും സ്കോളർഷിപ്പിനായി അപേക്ഷിക്കാം.

ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കു. കഴിഞ്ഞവർഷം സ്കോളർഷിപ്പ് ലഭിച്ചവർ ഈ വർഷം അപേക്ഷിക്കേണ്ടതില്ല. 50 ശതമാനം സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികൾക്കും സ്കോളർഷിപ്പ് നൽകും. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.www.minoritywelfare.kerala.gov.in -ൽ ഓൺലൈനായി അപേക്ഷിക്കാം.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 21. ഫോൺ: 0471- 2302090

---

## സി.എം.എൽ ദിനം വണ്ടിപെരിയാർ



# ഈശോയുടെ കുഞ്ഞുമിഷണറിമാർ



ചങ്ങനാശ്ശേരി സുവിശേഷഭവൻ സണ്ടേസ്കൂൾ ഒക്ടോബർ 6 ന് സി.എം. എൽ ദിനമായി ആഘോഷിച്ചു. ദിവ്യബലിയിൽ മിഷൻലീഗ് അംഗങ്ങൾ ബാഡ്ജ് ധരിച്ച് കയ്യിൽ പൂക്കളും കത്തിച്ച മെഴുകുതിരികളുമേന്തി പ്രദക്ഷിണമായി ദിവ്യബലിക്കണഞ്ഞു. നേരത്തെ സജ്ജമാക്കിയിരുന്ന വിശുദ്ധ കൊച്ചുത്രേസ്യയുടെ ചിത്രത്തിൽ പൂക്കളർപ്പിച്ചു. ആമുഖത്തിൽ ചെറുപുഷ്പ മിഷൻലീഗ് ചരിത്രം, പ്രസക്തി എന്നിവ അവതരിപ്പിക്കുകയുണ്ടായി. വടക്കേ ഇന്ത്യയിൽ മിഷൻ പ്രവർത്തനങ്ങൾ ചെയ്യുന്ന ബഹുമാനപ്പെട്ട സജി അച്ചനെ ദിവ്യബലിക്കും വചനപ്രഭാഷണത്തിനും ലഭിച്ചത് ഈ ദിനത്തിന്റെ ദൈവനിയോഗമായിരുന്നു. കുട്ടികൾക്ക് അച്ചൻ തന്റെ അനുഭവങ്ങൾ മിഷൻ പ്രവർത്തനം എന്നിവയെപ്പറ്റി അവബോധം നൽകി. കുട്ടികൾ അസംബ്ലിയിൽ വിശുദ്ധയുടെ ജീവചരിത്രം അവതരിപ്പിച്ചു.

## കോട്ടയം വിമലഗിരി കത്തീഡ്രലിൽ
## പരി. വിമലഗിരി മാതാവിന്റെ അമലോത്ഭവ തിരുനാൾ

### 2019 നവംബർ 29 മുതൽ ഡിസംബർ 8 വരെ

2019 നവംബർ 29 വെള്ളി

5.15 pm. : തിരുനാൾ കൊടിയേറ്റ്
**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്**

തുടർന്ന് **ദിവ്യബലി, വചനപ്രഘോഷണം, നൊവേന**

എല്ലാദിവസവും
വൈകുന്നേരം 5ന് : **ജപമാല**
5.30ന് : **ദിവ്യബലി, വചനപ്രഘോഷണം നൊവേന**

2018 ഡിസംബർ 07 ശനി

ദിവ്യബലിക്കും നൊവേനയ്ക്കും ശേഷം. :
**ആഘോഷമായ സായാഹ്ന പ്രദക്ഷിണം**

2019 ഡിസംബർ 08 ഞായർ
(തിരുനാൾ സമാപനം)

7.00 am. : ദിവ്യബലി
9.00 am. : **ദിവ്യബലി** (ഗ്രിഗോറിയൻ ക്രമത്തിൽ)
2.00 pm. : **വിമലഗിരി തീർത്ഥാടന റാലി**
(ഗുഡ്ഷെപ്പേർഡ് ദൈവാലയത്തിൽ നിന്നും വിമലഗിരി കത്തീഡ്രലിലേയ്ക്ക്)
3.00 pm. : **ആഘോഷമായ തിരുനാൾ സമൂഹബലി**
മുഖ്യകാർമ്മികൻ
**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്**
(രൂപതയിലെ എല്ലാ വൈദികരും സഹകാർമ്മികത്വം വഹിക്കുന്നു)
5.30 pm. : **ദിവ്യകാരുണ്യ പ്രദക്ഷിണം, നേർച്ചവിതരണം.**

# ഇടവക വാർത്തകൾ



തിരുവല്ല മേഖല ബൈബിൾ കലോത്സവത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മാരാമൺ സെന്റ് ജോസഫ്സ് ഇടവകാംഗങ്ങൾ വികാരിയച്ചനോടൊപ്പം




വണ്ടിപ്പെരിയാർ അസംപ്ഷൻ ദൈവാലയത്തിൽ TALITHA Koum എന്ന പേരിൽ 'ബാലികേ എഴുന്നേൽക്കുക' എന്ന ആഹ്വാനത്തോടെ ബാലികാ ദിനം ആഘോഷിച്ചു. കിഡ്സ് മുതൽ ആറാം ക്ലാസ് വരെയുള്ള ബാലികമാർ ദിവ്യബലിക്ക് നേതൃത്വം നൽകി .തുടർന്ന് ഇടവക വികാരി നെൽസണച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബാലികാ പ്രതിനിധി ഉദ്ഘാടനം നിർവ്വഹിച്ചു..അന്നേ ദിവസം നടന്ന ആഘോഷങ്ങൾക്കും ബാലികമാർ നേതൃത്വം നൽകി.



മഠത്തുംഭാഗം ഇടവകയിൽ അസാധാരണ പ്രേഷിതമാസാചരണം വികാരി ഫാ. തിയോഫിൻ തുരുത്തിക്കോണം ഉദ്ഘാടനം ചെയ്യുന്നു.



അസാധാരണ പ്രേഷിതമാസത്തിന് പട്ടിത്താനം സെ.ബോനിഫസ് ദേവാലയത്തിൽ റവ.ഫാ.സ്ററീഫൻ പുത്തൻപറമ്പിൽ തിരിതെളിക്കുന്നു

## സംഘടനാവാർത്തകൾ

### ലീജിയൻ ഓഫ് മേരി – പൂവം



പരിശുദ്ധ അത്ഭുതമാതാ പ്രസീദിയത്തിന്റെ സെപ്റ്റംബർമാസ സമ്മേളനം 5-ാം തീയതി വികാരി ജോർജ്ജ് ലോബോ അച്ചന്റെ അദ്ധ്യക്ഷതയിൽ കൊമ്മീസിയം ഡയറക്ടർ ജോർജ് ജോൺ മേരിമംഗലം അച്ചൻ ഉദ്ഘാടനം ചെയ്തുകൊണ്ട് സൈന്യാംഗങ്ങൾ മരിയഭക്തിയിൽ ജ്വലിപ്പിക്കുന്നവരാകണം എന്ന് ഉദ്ബോധിപ്പിച്ചു. യോഗത്തിന് സി. ലില്ലിക്കുട്ടി സെബാസ്റ്റ്യൻ സ്വാഗതവും സി. ലൂസി സൈമൺ കൃതജ്ഞതയും രേഖപ്പെടുത്തി.

## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡിപോൾ വിജയപുരം ഏരിയ കൗൺസിൽ 42-ാമത് വാർഷിക സമ്മേളനം



വിജയപുരം ഏരിയ കൗൺസിലിന്റെ 42-ാമത് വാർഷികം 2019 ആഗസ്റ്റ് 25ന് വടവാതൂർ സെന്റ് മേരീസ് ദൈവാലയത്തിൽ കൃതജ്ഞതാബലിയോടുകൂടി ആരംഭിച്ചു. അസി. വികാരി റവ.ഫാ. ലീനോ കുര്യൻ ദിവ്യബലിക്ക് നേതൃത്വം നൽകി. തുടർന്ന് “വിൻസെൻഷ്യൻ പ്രവർത്തനം കാലഘട്ടത്തിന്റെ ആവശ്യം” എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. മംഗളാനന്ദൻ ക്ലാസ് നയിച്ചു. ഏരിയ കൗൺസിൽ പ്രസിഡന്റ് ബ്രദർ തോമസ് റ്റി.ജെ.യുടെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. വിജയപുരം ഏരിയാ കൗൺസിൽ ആത്മീയ ഉപദേഷ്ടാവ് വെരി.റവ. ഫാ. ബേസിൽ പാദുവാ ഒ.സി.ഡി. സന്ദേശം നൽകി ഉദ്ഘാടനം ചെയ്തു. റവ.ഫാ. ലിനോ കുര്യൻ അനുഗ്രഹ പ്രഭാഷണം നൽകി. മികച്ച പ്രവർത്തനം നടത്തിയ തെള്ളകം മൗണ്ട് കാർമ്മൽ കോൺഫ്രറൻസ്, ചങ്ങനാശ്ശേരി മേരി മൗണ്ട് കോൺഫറൻസുകൾക്ക് മെമ്മെന്റോ വിതരണം നൽകി. ഏരിയ കൗൺസിൽ ജോ. സെക്രട്ടറി ബ്രദർ റ്റി. എം. ജോയി എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും സി. ലോട്ടസ് റ്റി. ജോസഫ് നന്ദിയർപ്പിക്കുകയും ചെയ്തു.

## ലീജിയൻ ഓഫ് മേരി- കുറിച്ചി

കുറിച്ചി സെന്റ് സേവ്യേഴ്സ് ഇടവകയിലെ വാനവറാണി പ്രസീദിയത്തിന്റെ 31-ാമത് സെപ്റ്റംബർ സമ്മേളനം 22-ാം തീയതി ബഹുവികാരി ആന്റണി പാട്ടപ്പറമ്പിൽ അച്ചന്റെ സാന്നിധ്യത്തിലും സഹവികാരി ഫാ. ജോമോന്റെ അധ്യക്ഷതയിലും നടത്തി. ഇടവക സമിതി സെക്രട്ടറി ആന്റണി മൂന്നുമൂലയിൽ ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിന് രാജുകളത്തിൽ, അന്നമ്മ മാത്യു എന്നിവർ ആശംസകൾ നേർന്നു സ്നേഹവിരുന്നോടെ യോഗം സമാപിച്ചു.

## ലീജിയൻ ഓഫ് മേരി- കോട്ടയം

കോട്ടയം നല്ലയിടയൻ ഇടവകയിലെ ലീജിയൻ ഓഫ് മേരിയുടെ 71-ാം വാർഷിക യോഗവും സെപ്റ്റംബർ ഫംഗ്ഷനും 2019 സെപ്റ്റംബർ 28ന് രൂപതാ ഡയറക്ടർ ഫാ. ജോർജ് ജോൺ മേരിമംഗലത്തിന്റെ അധ്യക്ഷതയിൽ നടന്നു. ആനിമേറ്റർ റവ.ഫാ. സൈമൺ നെൽകുന്നശ്ശേരി ഒ.സി.ഡി. യോഗം ഉദ്ഘാടനം ചെയ്തു. റവ.ഫാ. ബേസിൽ പാദുവ, ഒ.സി.ഡി. ആശംസയർപ്പിച്ചു. നിർമ്മല ഹൃദയം പ്രസീദിയം സെക്രട്ടറി സി. മേരി ജോസഫും ശ്ലീഹന്മാരുടെ രാജ്ഞി പ്രസിദീയം സെക്രട്ടറി ബ്ര. പോൾ മാത്യുവും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. സി. മറിയാമ്മ പീറ്റർ, അനിൽ എ. അൽഫോൻസ് എന്നിവർ ഗാനങ്ങൾ ആലപിച്ചു. രൂപതാ ഡയറക്ടറുടെ ആശീർവാദത്തോടെ യോഗം സമാപിച്ചു. യോഗത്തിന് ബ്ര. സേവ്യർ റ്റി. ഡി. സ്വാഗതവും സി. ആലീസ് ജോസഫ് കൃതജ്ഞതയും രേഖപ്പെടുത്തി.

## ഞാനും ഒരു മിഷണറി



മുണ്ടക്കയം സെന്റ്.മേരീസ് ദൈവാലയത്തിൽ അസാധരണ പ്രേഷിത മാസത്തോടനുബന്ധിച്ച് ചെറുപുഷ്പം മിഷൻലീഗിന്റെ നേതൃത്വത്തിൽ "ഞാനും ഒരു മിഷണറി ദിനം" ആഘോഷിച്ചു.

മിഷണറിമാരുടെ മദ്ധ്യസ്ഥനായ വി.ഫ്രാൻസിസ് സേവ്യറിന്റെയും മദ്ധ്യസ്ഥയായ വി.കൊച്ചുത്രേസ്യയുടെയും വി.ജോസഫ് വാസിന്റെയും വി.ജോൺ ബ്രിട്ടോയുടെയും വേഷം ധരിച്ച് മതബോധന വിദ്യാർത്ഥികൾ വിശുദ്ധരുടെ ജീവിതത്തെ അവതരിപ്പിക്കുകയും ദിവ്യബലിയ്ക്കു

നേതൃത്വം കൊടുക്കുകയും ചെയ്തു. രൂപത മൈനർ സെമിനാരി റെക്ടർ ബഹു. മാത്യു ഒഴത്തിലച്ചൻ ദിവ്യബലി അർപ്പിക്കുകയും ക്രൈസ്തവ ദൈവവിളിയുടെ പ്രാധാന്യത്തെപ്പറ്റിയും പ്രേഷിത പ്രവർത്തനത്തിന്റെ ആവശ്യകതയെ കുറിച്ചും വ്യക്തമാക്കി. രൂപതയിൽ റീജൻസി ചെയ്യുന്ന ബ്രദർ ഫെർണാണ്ടസും ബ്രദർ ബെഞ്ചമിനും വിവിധ ദൈവവിളി കളെക്കുറിച്ചും പ്രേഷിത പ്രവർത്തനം നമ്മുടെ ജീവിതത്തിലൂടെ ഏങ്ങനെ സാധ്യമാകാമെന്നും ക്ലാസെടുത്തു. വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിൽ, ഹെഡ്മസ്റ്റർ ശ്രീ.റോബിൻ, മിഷൻ ലീഗ് കോർഡിനേറ്റർമാരായ ശ്രീ.ഷിജു, ശ്രീമതി സ്മിത, മറ്റ് അധ്യാപകരും കുട്ടികളും പരിപാടികൾക്ക് നേതൃത്വം നൽകി.

---

## സി.എം.എൽ ദിനാഘോഷം- ചിന്നക്കനാൽ



ചിന്നക്കനാൽ ദൈവാലയത്തിലെ സി.എം.എൽ. ദിനാഘോഷം വളരെ ഭംഗിയായി നടന്നു. വികാരിയച്ചൻ പതാക ഉയർത്തി. സി.എം.എലിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സി.ലില്ലീസ് കുട്ടികളെ ബോധ്യപ്പെടുത്തി. വി. കൊച്ചുത്രേസ്യയെക്കുറിച്ച് ഹെഡ്മിസ്ട്രസ് ശ്രീമതി റസലാമ്മാൾ വിശ ദീകരിച്ചു.

## സി.എം.എൽ. ദിനം- കുറുമുള്ളൂർ

സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂരിൽ 6-10-19 ന് സി.എം.എൽ. ദിനം ആചരിച്ചു. ഈ ദിനത്തിന്റെ ഭാഗമായി പ്രത്യേകം ഒരുക്കിയ വി. കൊച്ചു ത്രേസ്യാ വേഷധാരിയും ദീപങ്ങൾ കൈകളിൽ വഹിച്ച കുട്ടികളും വികാ രിയച്ചനോടൊപ്പം ദിവ്യബലിക്കായ് പ്രവേശിച്ചു. സി.എം.എൽ കുട്ടികളാണ് വി. കുർബാനയ്ക്ക് നേതൃത്വം വഹിച്ചത്. ദിവ്യബലിക്ക് ശേഷം റാലി നട ത്തി. റവ.ഫാ. ജോഫി വല്ലത്തുംചിറയുടെ സാന്നിദ്ധ്യത്തിൽ ബ്രദർ ജോജോ OFM തെള്ളകം റാലി ഫ്ളാഗ് ഓഫ് ചെയ്തു. സി.എം.എൽ പതാകകൾ കൈകളിലേന്തി കുട്ടികൾ ലീഡേഴ്സ് ചൊല്ലിക്കൊടുത്ത മുദ്രാ വാക്യങ്ങൾ ഏറ്റുചൊല്ലുകയും അത് തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തി കമാക്കും എന്ന പ്രതിജ്ഞയോടെ ദൈവാലയം ചുറ്റി റാലി നടത്തി. റാലി യിൽ വി. കൊച്ചുത്രേസ്യ വേഷധാരിയുടെ സാന്നിദ്ധ്യം കുട്ടികളിൽ ജീവി ക്കുന്ന വി. കൊച്ചുത്രേസ്യാ അനുഭവം സൃഷ്ടിക്കുന്നതിനിടയായി. തുടർന്ന് സി.എം.എൽ ആന്തം ആലപിച്ചു. റാലി സമാപിക്കുകയും ചെയ്തു.

# മിഷൻ ലീഗ് ദിനം  കുമരകം സെന്റ് പീറ്റേഴ്സ്



20 /10/2019 ഞായറാഴ്ച്ച മിഷൻ ലീഗ് വൈസ് പ്രസിഡൻറ് ഷാനിമോൾ പെരുഞ്ചേരിക്കരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ മിഷൻ ലീഗ് ദിനാഘോഷങ്ങൾ വികാരി ഫാ.മാത്യു സുബാഷ് ഉദ്ഘാടനം ചെയ്തു. H. M Sr. ബീന നെറ്റോ, PTA കൺവീനർ ശ്രീ.സുരേഷ് ഉമ്മാച്ചേരി ത്തോപ്പിൽ എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് ദിവ്യബലി മദ്ധ്യേ മിഷൻ ലീഗ് അംഗങ്ങൾ അംഗത്വ നവീകരണം നടത്തി. ദിവ്യബലിക്ക് ശേഷം റാലിയും നടത്തി. കുട്ടികൾ CML ന്റെ മദ്ധ്യസ്ഥയായ വി.കൊച്ചുത്രേസ്യായുടെയും സഹമധ്യസ്ഥരായ വി.തോമസ് അപ്പസ്തോ ലൻ, വി.ഫ്രാൻസിസ് സേവ്യർ, വി.അൽഫോൻസാമ്മ എന്നിവരുടെ വേഷത്തിൽ വന്നത് ആഘോഷങ്ങൾക്ക് കൂടുതൽ ഭംഗിയേകി . CML ആനിമേറ്റർമാരായ ശ്രീമതി ആഷ്‌ലി കൊച്ചുപറമ്പ്, ശ്രീമതി ദിവ്യ ഷർലിൻ കുറ്റിക്കാട്ടിൽ എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നല്കി.



മാരാമൺ സെന്റ് ജോസഫ്സ് ദൈവാലയത്തിൽ സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡീ പോൾ കോൺഫ്രൻസ് നടത്തിയ തിരുനാളാഘോഷം



കുമരകം സെന്റ് പീറ്റേഴ്സ് മതബോധന വിഭാഗത്തിന്റെ നേതൃത്വത്തിൽ ഇടവക വികാരി ബഹു.ഫാ മാത്യു സുബാഷച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചപ്പോൾ.



അസാധാരണ മിഷൻമാസത്തോടനുബന്ധിച്ച്
ഹോളിഫാമിലി ഹൈസ്കൂളിൽ വൈദികരെ ആദരിച്ചപ്പോൾ

# വി.എസ്.എസ്.എസ്. വാർത്തകൾ

## സ്ഥാപകദിനാഘോഷം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 58-ാം സ്ഥാപകദിനത്തോടനുബന്ധിച്ച് അമല നിലയത്തിൽ വി.എസ്.എസ്. എസ്. കുടുംബസംഗമം നടത്തി. വികാരി ജനറാൾ മോൺ. ബഹു. ജസ്റ്റിൻ മഠത്തിപ്പറമ്പിലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച കൃത ജ്ഞതാ ബലിയർപ്പണത്തിനു ശേഷം ഏവരേയും സംഗമത്തിലേക്ക് ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ സ്വാഗതം ചെയ്തു. വലിയൊരു ആഘോഷത്തിന്റെ മുന്നൊരുക്കമാണിതെന്ന് അദ്ദേഹം പറ ഞ്ഞു. അദ്ധ്യക്ഷത വഹിച്ച മോൺ ജസ്റ്റിൻ മഠത്തിപ്പറമ്പിൽ പാവപ്പെട്ട വൻ എന്നല്ല ആവശ്യക്കാരൻ എന്നതാണ് വി.എസ്.എസ്.എസ്. പരിഗ ണിക്കേണ്ടത് എന്ന് വ്യക്തമാക്കി. സമൂഹത്തിലേക്ക് അപരനിലേക്ക് നാം ഇറങ്ങിച്ചെല്ലണം. അപ്പോഴാണ് യേശുവിനെ കാണാൻ കഴിയുക. ഇന്ന് വിശുദ്ധ ദിനമാണ് പങ്കുവയ്ക്കലിന്റെ സുവിശേഷമാണ് നമുക്ക് വേണ്ടത്. മുൻ പ്രസിഡന്റന്മാരായ മോൺ. ജോസ് നവസ്, ഫാ. ജോസഫ് കളത്തിൽ, സെക്രട്ടറിയായിരുന്ന ഫാ. ഫ്രാൻസിസ് നെടു മ്പറമ്പിൽ എന്നിവർ തങ്ങളുടെ നേരനുഭവങ്ങളും ആദ്യകാല ചരിത്രവും പങ്കുവച്ചത് ശ്രദ്ധയോടെയാണ് സദസ്സ് കേട്ടിരുന്നത്. സി.ആർ.എസിന്റെ ഭക്ഷണവിതരണകാലം മുതൽ സംഘടനാപരമായ വികസനത്തിന്റെ കാലംവരെ ഇവർ അനുസ്മരിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ സർക്കാരുകളും, ബാങ്കിംഗ് മേഖലയും കഴിഞ്ഞാൽ എൻ.ജി.ഒ, കളാണ് ശക്തം എന്ന് ചൂണ്ടിക്കാട്ടി എന്നാൽ വെല്ലുവിളികൾ ഏറെയുള്ള ഈ കാലഘട്ടത്തിൽ പ്രവർത്ത നങ്ങളിൽ നാം ജാഗ്രത പുലർത്തേണ്ടതുണ്ട്. ഒപ്പം മറ്റുള്ളവരുമായി ആശയസംവാദവും നടത്തണം. മൂന്നാർ മേഖലാ ഡയറക്ടർ ഫാ. ഷിന്റോ വെളിമ്പറമ്പിൽ സഭയെ മതമായിട്ടല്ല കാരുണ്യമായിട്ടാണ് സമൂഹം കാണുന്നത് എന്ന് സൂചിപ്പിച്ചു. വി.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ, ആനിമേറ്റർമാരുടെ പ്രതിനിധി മറിയാമ്മ മാമ്മച്ചൻ, വൈസ്പ്രസിഡന്റ്. ജോസ് പി. ചാക്കോ, എന്നി വർ സംസാരിച്ചു. പ്രോജക്ട് ഓഫീസർ കെ.പി. ജോൺ അടുത്ത 10 വർഷത്തെ പ്രവർത്തനങ്ങൾ '2030-ന്റെ സ്വപ്നങ്ങൾ' അവതരിപ്പിച്ചു.

# ദുരന്ത നിവാരണ ദിനാചരണം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും, കേരള അഗ്നി ശമന സുരക്ഷാ വകുപ്പിന്റേയും സംയുക്താഭിമുഖ്യത്തിൽ ദുരന്ത നിവാരണ ദിനാചരണം നടത്തി. ഇതോടനുബന്ധിച്ച് അമല നിലയത്തിൽ നടന്ന സെമിനാർ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിലിന്റെ അദ്ധ്യക്ഷതയിൽ അഗ്നിശമന സേനാവിഭാഗം ഡിവിഷൻ ഓഫീസർ കെ.എ. ശിവദാസൻ ഉദ്ഘാടനം ചെയ്തു. അസി. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ, കോ. ഓർഡിനേറ്റർ ജിബിൻ ജോസഫ് എന്നിവർ സംസാരിച്ചു. തുടർന്ന് സേനാംഗങ്ങളുടെ നേതൃത്വത്തിൽ, ദുരന്തങ്ങൾ പ്രകൃത്യാ ഉള്ളവയും മനുഷ്യസൃഷ്ടിയും, അടിയന്തിരഘട്ടങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ, മുൻകരുതലുകൾ രക്ഷാപ്രവർത്തനങ്ങൾ, വീടുകളിലെ വൈദ്യുത ഉപകരണങ്ങളുടെയും, ഗ്യാസ് സിലണ്ടർ പോലുള്ളവയുടെയും സുരക്ഷിത ഉപയോഗം, അപകടമുണ്ടായാൽ ആദ്യം ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ എന്നിവയിൽ വിശദമായ ക്ലാസുകൾ നൽകപ്പെട്ടു. അഗ്നിബാധയിൽ നിന്നുള്ള രക്ഷനേടൽ, കെട്ടിടങ്ങളിലും ജലാശയങ്ങളിലും അകപ്പെട്ടാൽ സ്വീകരിക്കാവുന്ന രക്ഷാ മാർഗ്ഗങ്ങൾ എന്നിവയുടെ പ്രകടനവും നടന്നു. വിവിധ ജനകീയ വികസന സമിതികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 72 പേർ പങ്കെടുത്തു.

## ദുരന്ത നിവാരണ ദിനാചരണം






# സ്ഥാപക ദിനാഘോഷ പരിപാടിയിൽ നിന്ന്















**ആശാകിരണം കാൻസർ സാന്ത്വന പദ്ധതിയിലേക്ക്**
**വിവിധ ജനകീയ വികസന സമിതികൾ ശേഖരിച്ചു നൽകിയ തുക**

പൊടിമറ്റം. 1414/-, മാരാമൺ - 1450/-, വനവാതൂക്കര- 1500/-

***ചികിത്സാ സഹായം നൽകിയത്***

ചങ്ങനാശേരി - 10000/-, മാരാമൺ 4000/-



വനവാതൂക്കരയിൽ പ്രമീല ജോർജ് വ്യക്തി ശുചിത്വ ക്ലാസ് നയിക്കുന്നു



# അഭിവന്ദ്യ പിതാവിന്റെ
## ഡിസംബർ മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 04-06 | | | - | കെ.സി.ബി.സി., പി.ഒ.സി. എറണാകുളം |
| 07 | ആദ്യശനി | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 08 | ഞായർ | 3.00 pm | - | തിരുനാൾ ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 13 | വെള്ളി | | - | PPD |
| 20 | വെള്ളി | | - | PPD |
| 24 | ചൊവ്വ | 10.30pm | - | തിരുപ്പിറവിപൂജ, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 25 | ബുധൻ | 10.30am | - | ദിവ്യബലി, അഭയഭവൻ, കോട്ടയം |
| 27 | വെള്ളി | | - | PPD |
| 28 | ശനി | 10.30 am | - | വിവാഹാശീർവ്വാദം, മൗണ്ട് കാർമ്മൽ ചർച്ച്, മൂന്നാർ |
| 31 | ചൊവ്വ | 11.00 pm | - | നവവത്സര ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം. |

## റവ.ഫാ. ജോർജ്ജ് പാറയിലിന്റെ ചരമവാർഷിക അനുസ്മരണം



കുറുമുള്ളൂരിൽ സെന്റ് മേരീസ് ചർച്ച് പണികഴിപ്പിച്ച മുൻവികാരി റവ.ഫാ. ജോർജ്ജ് പാറയിലിന്റെ 11-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയ്ക്ക് ശേഷം റവ.ഫാ. ജോഫി വല്ലത്തുംചിറ ഒപ്പീസ് ചൊല്ലി അച്ചന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർഥിച്ചു.


***Job Opportunity - AXIS BANK***

***Leading Private Sector scheduled bank is looking for suitable candidates for sales, officer grade.***

Qualification : Any Graduation
Experience : 1 Year & above
Salary : Best in Industry
Email : kochi.circlehr@axisbank.com
Sajith Axis Bank- 07025206006

## ഫാ. കുര്യാക്കോസ് പ്ലാത്തോട്ടത്തിന്റെ സംസ്കാര ശുശ്രൂഷയിൽ നിന്ന്







NOVEMBER 2019
Vol. 12 • Issue 11
*Published on*
1st November 2019

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 60.00

Registered No. **KL/KTM/117/2017-19**
LIC. No. **KL/CR/KTM/WPP-09/2017-19**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA




Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180